**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3301** **04-08-2021 - ൽ മറുപടിയ്ക്ക്**

**സർവീസ് പ്രൊവൈഡിങ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വനിതാ ശിശു വികസന വകുപ്പിനു കീഴിൽ ഗാർഹിക പീഡന നിരോധന നിയമ പ്രകാരം പ്രവർത്തിച്ച് വരുന്ന സർവീസ് പ്രൊവൈഡിങ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവ നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റാഫുകളുടെ ഓണറേറിയം, കേസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽട്ടർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യ സഹായം എന്നിവക്കുള്ള ധനസഹായം ഇവ നൽകുന്നതിനു മെയ് മാസത്തിൽ തന്നെ ഉത്തരവുകൾ നൽകിയിട്ടും വിതരണം ചെയ്യുന്നതിലുള്ള കാലതാമസം എന്താണ്; കാരണം വ്യക്തമാക്കാമോ; | (ബി) | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെയും ഷെൽറ്റർ ഹോമുകളിലെയും സ്റ്റാഫുകളുടെ ഓണറേറിയം, കേസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽറ്റർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം വിനിയോഗിക്കുന്നതിനുള്ള അനുമതി സ.ഉ(സാധാ)നം.300/2021/സാ.നീ.വ തീയതി: 14/05/2021, സ.ഉ(സാധാ)നം.301/2021/സാ.നീ.വ തീയതി:14/05/2021 എന്നീ ഉത്തരവുകൾ പ്രകാരം നൽകിയിരുന്നെങ്കിലും ധനസഹായം വിതരണം ചെയ്തിട്ടില്ല. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 18.06.2021-ലെ MSW/20-2/2021-CSW നം.കത്ത് പ്രകാരം കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ് നിർത്തലാക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്ന വകുപ്പിന്റെ പദ്ധതികളായ ഷെൽട്ടർ ഹോമുകളും, സർവീസ് പ്രൊവൈഡിങ് സെന്ററുകളും, സ്വാധാർ ഗ്രഹകളും വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതിനായി വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഗാർഹിക പീഡനം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ നിയമം നടപ്പിലാക്കുവാൻ പ്രവർത്തിക്കുന്ന സർവീസ് പ്രൊവൈഡിഗ് സെന്ററുകൾക്കും ഷെൽട്ടർ ഹോമുകൾക്കും ഫണ്ട് നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെയും ഷെൽറ്റർ ഹോമുകളിലെയും സ്റ്റാഫുകളുടെ ഓണറേറിയം, കേസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽറ്റർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം വിനിയോഗിക്കുന്നതിനുള്ള അനുമതി സ.ഉ(സാധാ)നം.300/2021/സാ.നീ.വ തീയതി: 14/05/2021, സ.ഉ(സാധാ)നം.301/2021/സാ.നീ.വ തീയതി:14/05/2021 എന്നീ ഉത്തരവുകൾ പ്രകാരം നൽകിയിരുന്നെങ്കിലും ധനസഹായം വിതരണം ചെയ്തിട്ടില്ല. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 18.06.2021-ലെ MSW/20-2/2021-CSW നം.കത്ത് പ്രകാരം കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ് നിർത്തലാക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്ന വകുപ്പിന്റെ പദ്ധതികളായ ഷെൽട്ടർ ഹോമുകളും, സർവീസ് പ്രൊവൈഡിങ് സെന്ററുകളും, സ്വാധാർ ഗ്രഹകളും വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതിനായി വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ഗാർഹിക പീഡന നിരോധന നിയമം 2005 - ഗാർഹിക പീഡനത്തിന് ഇരയായ വനിതകൾക്ക് നിയമസഹായം നൽകുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യ നീതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.300/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 14/05/2021

പരാമർശം:- 1 വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 09/04/2021-ലെ WEC-3/7231/2021 നമ്പർ കത്ത്.

2 21/04/2021-ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

ഗാർഹിക പീഡന നിരോധന നിയമം 2005 പ്രകാരം, ഗാർഹിക പീഡനത്തിന് ഇരയായവർക്ക് നിയമസഹായം നൽകുന്നതിനായി സംസ്ഥാനത്ത് ആകെ 84 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 1,08,93,000/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രൊപ്പോസൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 84 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് 2020-21 സാമ്പത്തിക വർഷത്തെ നിരക്കിൽ അനുവദിയ്ക്കാവുന്ന തുകയുടെ ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

Budget Provision for one Service Providing Centre

| Sl.No. | Items | Amount (Rs.) |
|---|---|---|
| 1 | Honorarium for Legal Counsellor (Rs.7500 p.m x 12 months | 90,000/- |

| | | |
|---|---|---|
| 2 | Remuneration to experts such as Clinical Psychologist/ Medical Professionals/Psychiatrist etc. Medical Expenses, TA, Stationery, Telephone, Tapal and Audit Fees, Anti Domestic Violence Day observance etc. | 20,000/- |
| 3 | Court expenses in connection with submission of DIR @500 per DIR (@500x25) | 12,500/- |
| | **Total provision for one SPC** | 1,22,500/- |

Budget Provision for 84 Service Providing Centres

| Sl.No. | Items | Amount (Rs.) |
|---|---|---|
| 1 | Budget Provision for 84 approved SPC's (84x122500) | 1,02,90,000/- |
| 2 | Honorarium of Project Staff | |
| | a) Honorarium of Project Manager (@ Rs.30,000x12) | 3,60,000/- |
| | b) Honorarium to Computer Operator<br><br>(@ Rs.12,000x12) | 1,44,000/- |
| 3 | Lodging, TA/DA and refreshment for monitoring | 33,000/- |
| 4 | Printing, Stationery, Telephone and Tapal | 22,000/- |
| 5 | Audit Fee | 33,000/- |
| 6 | Miscellaneous | 11,000/- |
| | **Total** | **1,08,93,000/-** |

(Rupees One Crore Eight Lakh Ninetythree Thousand only)

2) പരമാവധി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ CDPO/ICDS ഓഫീസുകളിലേയ്ക്ക് മാറ്റണമെന്ന വ്യവസ്ഥയിന്മേൽ 21/04/2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട് (ക്രമ നമ്പർ 17).

3) ഈ സാഹചര്യത്തിൽ, ഗാർഹിക പീഡന നിരോധന നിയമം 2005 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഗാർഹിക പീഡനത്തിനിരയായവർക്കുള്ള 84 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ നടത്തിപ്പിനായി 2021-22 വർഷം 1,08,93,000/- രൂപ (ഒരു കോടി

എട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
സെക്രട്ടറി, സാമൂഹ്യക്ഷേമ ബോർഡ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ),
കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യ നീതി വകുപ്പ് - ഗാർഹിക പീഡന നിരോധന നിയമം 2005 - ഗാർഹിക പീഡനത്തിന് ഇരയായവർക്ക് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഷെൽട്ടർ ഹോമുകളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.301/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 14/05/2021

---

പരാമർശം:- 1 1) വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 09/04/2021-ലെ WEC-3/7232/2021 നമ്പർ കത്ത്.

2 21/04/2021-ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

ഗാർഹിക പീഡന നിരോധന നിയമം 2005 പ്രകാരം ഗാർഹിക പീഡനത്തിന് ഇരയായവർക്ക് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആകെ 11 ഷെൽറ്റർ ഹോമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം 1,74,90,000/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രൊപ്പോസൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം

ശിപാർശ ചെയ്തു സമർപ്പിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ നിരക്കിൽ അനുവദിയ്ക്കാവുന്ന തുകയുടെ ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

1. Administration and Management

| Sl.No. | Name of Post | No. of Post | Remuneration | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Superintendent/Manager | 1 | 12,500/- | 1,50,000/- |
| 2 | Counselor | 1 | 10,500/- | 1,26,000/- |
| 3 | Office Assistant-cum-Data Entry Operator | 1 | 8,500/- | 1,02,000/- |
| 4 | Watchman/Watch Women | 1 | 5,500/- | 66,000/- |
| 5 | Peon | 1 | 5,500/- | 66,000/- |
| 6 | Cook | 1 | 5,500/- | 66,000/- |
| | Grand Total | | | 5,76,000/- |

2. Recurring Expenditure

| Sl.No. | Particulars | Unit | Expenditures | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Rent | 1 | 12,500/- | 1,50,000/- |
| 2 | Food | Per Resident (60x30x30x12) | 54,000/- | 6,48,000/- |
| 3 | Clothing | Consolidated | | 30,000/- |
| 4 | Medicine, Personal Kit | Consolidated | | 72,000/- |
| 5 | Recreational activities/ Vocational Training | Consolidated | | 18,000/- |
| 6 | Telephone Charges/Thapal Charges, emergency medical expenditure & contingency | Per Shelter Home | 8,000/- | 96,000/- |
| | Grand Total | | | 10,14,000/- |

ഒരു ഷെൽട്ടർ ഹോമിലേയ്ക്കുള്ള ചെലവ് = 5,76,000 + 10,14,000

= 15,90,000/-

11 ഷെൽട്ടർ ഹോമുകൾക്കായുള്ള ചെലവ് = 15,90,000 x 11 = **1,74,90,000/-**

2) 21/04/2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട് (ക്രമ നമ്പർ 16).

3) ഈ സാഹചര്യത്തിൽ, ഗാർഹിക പീഡന നിരോധന നിയമം 2005 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഗാർഹിക പീഡനത്തിനിരയായവർക്കുള്ള 11 ഷെൽട്ടർ ഹോമുകളുടെ നടത്തിപ്പിനായി 2021-22 വർഷം 1,74,90,000/- രൂപ (ഒരു കോടി എഴുപത്തിനാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
സെക്രട്ടറി, സാമൂഹ്യക്ഷേമ ബോർഡ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ